




പരിസ്ഥിതി ജനകീയ പ്രസ്ഥാനങ്ങളുടെ ഇടപെടലിനെ തുടർന്ന് പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് സ്വകാര്യ സംരംഭകർക്ക് കൈമാറുന്ന നീക്കത്തിൽ നിന്നും സർക്കാർ പിന്മാറിയിരിക്കുന്നു. ഒരു ജനകീയ സമരൈക്യത്തിന്റെ വിജയകഥ


# ട്രാവൻകൂർ റയോൺസ്

# വിജയകരമായൊരു ചെറുത്തുനിൽപ്പ്

എൻ.പി. ജോൺസൺ

പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് സ്വകാര്യ സംരംഭകർക്ക് കൈമാറുന്നതിനുള്ള നീക്കത്തിൽ നിന്ന് പിന്മാറിക്കൊണ്ട് കമ്പനി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചു എന്നത് പരിസ്ഥിതി ജനകീയ പ്രസ്ഥാനങ്ങൾ ഇടപെട്ട് നടത്തിയ ഒരു ചെറുത്തുനിൽപ്പിന്റെ വിജയം കൂടിയാണ്. ഇപ്പോഴത്തെ കേരള സർക്കാരിനെ നയിക്കുന്നവരിൽ ഒരുവിഭാഗം കാര്യങ്ങൾ നേരിട്ട് നടത്താൻ ആഗ്രഹിച്ചതിന്റെ കൂടി ഫലമാണ് ഈ തീരുമാനമെന്നും പറയാം. സംഗതി പക്ഷെ ആദ്യകാലഘട്ടത്തിൽ ഇങ്ങനെയൊന്നുമായിരുന്നില്ല. ഒരുകാലത്ത് കേരളത്തിന്റെ വ്യവസായ വികസനത്തിന്റെ ഉത്തമ മാതൃകയായിരുന്നു ഈ സ്ഥാപനം. രണ്ടായിരത്തോളം തൊഴിലാളികൾ പല സെക്ഷനുകളിലായി പണിയെടുത്തു. ഷണ്മുഖം ചെട്ടിയെന്ന കുശാഗ്രബുദ്ധിയായ തമിഴ്നാട്ടുകാരന്റെ മാനേജ്മെന്റ് വൈഭവത്തിനും സംരംഭകനൈപുണിക്കും ഉത്തമദൃഷ്ടാന്തമായി ഇത്. കുറ്റമറ്റ നിർമ്മാണ നിലവാരമുള്ളവയായിരുന്നു പ്ലാന്റുകളും കെട്ടിടങ്ങളുമെല്ലാം. ഏഷ്യയിലെതന്നെ ഏറ്റവും മികച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇന്നും പ്രവർത്തനക്ഷമമായി തുടരുന്നു. പെരിയാറിന്റെ തീരത്ത് 90 -ഓളം ഏക്കർ സ്ഥലത്ത് റയോൺനാരുകളും ടെല്ലോഫിൻ പേപ്പറുകളും മുഖ്യ ഉത്പന്നമായി പ്രവർത്തിച്ച ഈ വ്യവസായ സമുച്ചയം കാലടി-പെരുമ്പാവൂർ-ആലുവ തുടങ്ങിയ പട്ടണങ്ങളുടെ വളർച്ചയിലും മുഖ്യ പങ്ക് വഹിച്ചു. ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ പ്രധാനകാരണം പെരിയാറിന്റെ ശുദ്ധജലസമൃദ്ധിതന്നെ. മുടക്കുമുതലിന്റെ പതിന്മടങ്ങ് സ്വദേശത്ത് ആസ്തികളാക്കി മാറ്റിക്കൊണ്ടാണ് ചെട്ടിയാർ ഗ്രൂപ്പ് 32 ശതമാനം സർക്കാർ മുതൽമുടക്കും ധനകാര്യ സ്ഥാപനങ്ങളുടെ ഓഹരി/വായ്പാ പങ്കാളിത്തമുള്ള സ്ഥാപനം കൈയൊഴിയാൻ തീരുമാനിച്ചത്. കേന്ദ്ര വ്യവസായ പുനരുദ്ധാരണ ബോർഡ് കമ്പനി ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ച സന്ദർഭത്തിലാണ് തൊഴിലാളി താത്പര്യം സംരക്ഷിക്കാനെന്ന പേരിൽ 400 കോടി രൂപയുടെ ആസ്തികൾ ചുളുവിലയ്ക്ക് കൈമാറാൻ നീക്കമുണ്ടായത്. കേവലം അഞ്ചുകോടി രൂപ മുതൽ മുടക്കി 150 കോടിയോളം രൂപയുടെ സ്ക്രാപ്പ് (പ്ലാറ്റിനം, ചെമ്പ്, ഇരുമ്പ്, അലുമിനിയം, മെർക്കുറി) വിൽക്കാൻ കഴിയുന്ന സ്ഥാപനം ഇലഞ്ഞിക്കിൽ ഗ്രൂപ്പിന് കൈമാറാൻ തീരുമാനിച്ചത്. 30-07-07ൽ സർക്കാർ ഇതുസംബന്ധിച്ച ഒരുത്തരവിറക്കി. 13-8-07 ഇറങ്ങിയ തുടർ ഉത്തരവ് പ്രകാരം മുഴുവൻ തൊഴിലാളികളെയും തിരിച്ചെടുക്കേണ്ടതാണെന്ന് തിരുമാനിക്കുകയും ചെയ്തു. എന്നാൽ തുടർന്ന്

**കാർട്ടൂൺ** **മേതിൽ വേണുഗോപാലൻ**




തൊഴിലാളി യൂണിയനുകളുമായി ഒപ്പുവെച്ച ധാരണാപത്രത്തിൽ ഇതുസംബന്ധിച്ച് യാതൊരു ഉറപ്പുമില്ലായിരുന്നു. എന്ത് വ്യവസായം തുടങ്ങുമെന്നോ, എത്ര തുക മുതൽമുടക്കുമെന്നോ എത്ര പേർക്ക് ഘട്ടം ഘട്ടമായി തൊഴിൽ നൽകുമെന്നോ വ്യക്തമാക്കപ്പെട്ടിരുന്നില്ല.

ഈ സന്ദർഭത്തിലാണ് ഹരിതമൈത്രി, NAPM തുടങ്ങിയ സംഘടനകൾ പ്രശ്നത്തിൽ ഇടപെട്ടത്. പെരുമ്പാവൂരിൽ പരിസ്ഥിതി ജനകീയ പ്രസ്ഥാനങ്ങളുടെയും തൊഴിലാളി പ്രവർത്തകരുടെയും ഒരു യോഗം വിളിച്ചുചേർക്കപ്പെട്ടു. പരിസ്ഥിതി സാംസ്കാരിക കൂട്ടായ്മ, NAPM, PUCL ഹരിതമൈത്രി, കെ.എസ്.എസ്.പി, റയോൺസ് തൊഴിലാളി ഐക്യവേദി, ടി.യു.സി.ഐ, കേരള കോൺഗ്രസ് സെക്കുലർ, CPI(ML) തുടങ്ങിയ സംഘടനകൾ പങ്കെടുത്തു. തുടർന്ന് വിവിധ പ്രക്ഷോഭ-പ്രചരണ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. പെരുമ്പാവൂർ ടൗണിൽ നടത്തിയ പൊതുയോഗവും കടകൾ തോറും കയറിയിറങ്ങി നടത്തിയ പ്രചരണ ക്യാമ്പയിനും തൊഴിലാളികൾക്കും ബഹുജനങ്ങൾക്കുമിടയിൽ വലിയ ചർച്ചകൾക്ക് വഴിതെളിയിച്ചു. മാതൃഭൂമി പെരുമ്പാവൂർ ലേഖകന്റെ നിരന്തരമായ റിപ്പോർട്ടിംഗും പ്രശ്നം ജനശ്രദ്ധയിൽ നിർത്തി. തുടർന്ന് മുഖ്യമന്ത്രി വി.എസ്.അച്ചുതാനന്ദൻ പ്രശ്നത്തിൽ ഇടപെടുകയും റയോൺസ് കൈമാറുന്നതിനുള്ള നീക്കം പുനഃപരിശോധിക്കുമെന്ന് അറിയിക്കുകയും ചെയ്തു.

തുടർന്ന് ഇലഞ്ഞിക്കൽ ഗ്രൂപ്പ് പിന്മാറുകയും മിഡ്ലാന്റ്സ് ഗ്രൂപ്പ് രംഗത്തെത്തുകയും ചെയ്തു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് വ്യക്തമായ ഉറപ്പുകൾ നൽകാൻ അവരും തയ്യാറാകാതെ വന്നതോടെ വ്യവസായവകുപ്പ് മറ്റ് മാർഗ്ഗങ്ങൾ തേടാൻ നിർബ്ബന്ധിതമായി. തുടർന്ന് ആസ്തികൾ പൊതുമേഖലയിൽ തന്നെ നിലനിർത്തി പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണിച്ച് കമ്പനി ഏറ്റെടുക്കണമെന്ന തീരുമാനം കമ്പനി കൈക്കൊണ്ടു. പൊതുജനങ്ങളുടെ ആസ്തികൾ കൊള്ളയടിക്കപ്പെടുന്നതിനെതിരെയുള്ള ജനകീയ ചെറുത്തുനിൽപ്പിന്റെ ഒരു സാധ്യതയാണ് പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിച്ചതിലുണ്ടായ വിജയം കാണിക്കുന്നത്.

ബന്ധങ്ങൾക്ക്: 9447019546